## മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

ഭരണം: സർവ്വകലാശാല നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളെ തുടർന്ന് സർക്കാരിൽ നിന്നും സഹായം അഭ്യർത്ഥിക്കുന്നത് സംബന്ധിച്ച് - സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണവിഭാഗം എ 1 സെക്ഷൻ**

നം. 4850/എ1/3/2017/ഭരണവിഭാഗം തീയതി പ്രിയദർശിനി ഹിൽസ്, 08.08.2017

---

പരാമർശം:
1. VC. 501/131/1016 തീയതി 02.11.2016 നമ്പരായുള്ള വൈസ് ചാൻസിലറുടെ സർക്കാരിലേക്കുള്ള കത്ത്.
2. B1/1005/16/H Edn തീയതി 04.03.2017 നമ്പരായുള്ള ഗവണ്മെൻറ് സെക്രട്ടറിയുടെ മറുപടി കത്ത്.
3. EDN – C1/29/2017/Fin തീയതി 02.03.2017 നമ്പരായുള്ള ഫിനാൻസ് വിഭാഗം അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മറുപടി കത്ത്.
4. 02.08.2017 ൽ കൂടിയ സിൻഡിക്കേറ്റിന്റെ ഐറ്റം നമ്പർ 47/17.08/171549 ആയിട്ടുള്ള മിനിട്സ്.

## ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസിലർ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ച കത്തിൽ സർവ്വകലാശാല നേരിടുന്ന സാമ്പത്തിക ബാധ്യതയും, നോൺ പ്ലാൻ ഇനത്തിൽ ലഭിക്കുന്ന സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തതയും ബുദ്ധിമുട്ടുകളും വിശദീകരിച്ചുകൊണ്ട് 2016 ൽ ഒറ്റത്തവണ ധനസഹായമായി 20 കോടി രൂപാ പ്രത്യേക പരിഗണന നൽകി അനുവദിയ്ക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. സർവ്വകലാശാലയുടെ അപേക്ഷ പരിശോധിച്ച സർക്കാർ പക്ഷെ, സർക്കാരിന്റെ സാമ്പത്തികനില ഭദ്രമല്ല എന്നു ചൂണ്ടിക്കാണിച്ച് ബജറ്റ് പ്രകാരം അനുവദിക്കുന്ന തുകയ്ക്ക് ഉപരിയായി സർവ്വകലാശാലയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കാൻ കഴിയില്ലെന്ന് പരാമർശം (2), (3) പ്രകാരം അറിയിച്ചിരുന്നു.

സർവ്വകലാശാല ഫിനാൻസ് വിഭാഗം തയ്യാറാക്കിയ, 2016–17 സാമ്പത്തികവർഷം സർവ്വകലാശാലയ്ക്ക് നോൺ പ്ലാൻ ഇനത്തിൽ ഉണ്ടായ സാമ്പത്തിക ബാധ്യതയും 2017–18 സാമ്പത്തിക വർഷത്തിൽ വരാവുന്ന സാമ്പത്തിക ബാധ്യതകളുടെ വിശദാംശങ്ങളുടെയും അടിസ്ഥാനത്തിൽ, നോൺ പ്ലാൻ ഇനത്തിൽ സർവ്വകലാശാലയ്ക്ക് ഇപ്പോൾ ഉള്ളതും ഭാവിയിൽ ഉണ്ടാകാനിരിക്കുന്നതുമായ സാമ്പത്തിക പ്രതിസന്ധി നേരിടുവാൻ സർക്കാർ നൽകുന്ന ധനസഹായത്തിന്റെ തുക അടിയന്തിരമായി വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ സർവ്വകലാശാലയുടെ ആവശ്യം സർക്കാരിനെ നേരിട്ട് ബോധിപ്പിച്ച് സാമ്പത്തിക സഹായം നേടിയെടുക്കുവാൻ ഒരു ഉന്നതതല സംഘം രൂപീകരിച്ച് സർക്കാരുമായി ചർച്ച നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത വിഷയം സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ വൈസ് ചാൻസിലർ ഉത്തരവായിരുന്നു. പരാമർശം (4) പ്രകാരം 02.08.2017 ൽ കൂടിയ സർവ്വകലാശാലാ സിൻഡിക്കേറ്റ് പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുകയും ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. നിലവിൽ സൂക്ഷിച്ചിരിക്കുന്ന സ്ഥിരം നിക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ നിക്ഷേപങ്ങളുടെ രസീതുകൾ ക്രമീകരിക്കുവാനും ആയതിനെ സംബന്ധിച്ച രേഖ തയ്യാറാക്കുന്നതിന് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തുന്നതിനും സിൻഡിക്കേറ്റിന്റെ അടുത്ത യോഗത്തിൽ അവതരിപ്പിക്കുന്നതിനും തീരുമാനിച്ചു.

2. പദ്ധതിയേതര ഗ്രാൻറ് ഇനത്തിൽ സർവ്വകലാശാലയ്ക്ക് ഇപ്പോൾ ഉള്ളതും ഭാവിയിൽ ഉണ്ടാകാനിരിക്കുന്നതുമായ ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുവാൻ ഇതിനായി സർക്കാർ നൽകുന്ന വാർഷിക ധനസഹായത്തിൻെറ തുക അടിയന്തിരമായി വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ സർവ്വകലാശാലയുടെ ആവശ്യം, സർക്കാരിനെ നേരിട്ട് ബോധിപ്പിച്ച് പദ്ധതിയേതര ഗ്രാൻറ് വർദ്ധിപ്പിച്ച് നേടിയെടുക്കുവാൻ വൈസ് ചാൻസിലർ, സ്റ്റാഫ് കമ്മിറ്റി കൺവീനർ, ഫിനാൻസ് കമ്മിറ്റി കൺവീനർ എന്നിവരടങ്ങിയ ഒരു സമിതി മുഖ്യമന്ത്രി, ധനവകുപ്പ് മന്ത്രി, വിദ്യാഭ്യാസ വകുപ്പ് മന്ത്രി എന്നിവരുമായി സംയുക്ത ചർച്ച നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ചുമതലപ്പെടുത്തി.

3. മഹാത്മാഗാന്ധി സർവ്വകലാശാല നടത്തിവന്നിരുന്ന സ്വാശ്രയ സ്ഥാപനങ്ങളിൽ തുടക്കം മുതൽ നടത്തിയ നിയമനങ്ങളെക്കുറിച്ചും, യോഗ്യത ഇല്ലാത്തവർക്ക് നിയമനം നൽകിയതിനെ സംബന്ധിച്ചും, നിയമിതരായവർക്ക് സ്കെയിൽ ഓഫ് പേ നിയമവിരുദ്ധമായി നൽകിയതിനെ സംബന്ധിച്ചും, കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവർ കരാർ ഇല്ലാതെ ദീർഘകാലം ജോലിയിൽ തുടർന്ന് സർവ്വകലാശാലാ ഫണ്ടിൽ നിന്നും വേതനം വാങ്ങിയതും, ഗസ്റ്റ് അദ്ധ്യാപകരെ നിയമവിരുദ്ധമായി നിയമിച്ചതും നിയമിതരായവർക്ക് അനർഹമായി സേവന വേതന ആനുകൂല്യങ്ങൾ നൽകിയത് സംബന്ധിച്ചും വിശദമായ അന്വേഷണം നടത്തുവാൻ ഡോ. ആർ. പ്രഗാഷ്, ഡോ. എ. ജോസ്, രജിസ്ട്രാർ എന്നിവരടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തി.

4. മേൽകാര്യത്തിൽ പൊതുമുതൽ ദുരുപയോഗം ചെയ്തതായും അഴിമതി നടന്നതായും വൻ സാമ്പത്തിക ക്രമക്കേടുകളും ഉണ്ടെന്ന് സംശയിക്കുന്നതിനാൽ കേരള സംസ്ഥാന വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ വിജിലൻസ് ഡയറക്ടർക്ക് അടിയന്തിരമായി കത്ത് നൽകുവാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തി.

5. ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിനായി സർട്ടിഫിക്കറ്റ്/ ഡിപ്ലോമ/ഡിഗ്രി/പി.ജി./ ഡ്യൂവൽ ഡിഗ്രി/ഡിസ്റ്റൻറ്സ് എഡ്യൂക്കേഷൻ വിഭാഗങ്ങളിലായി പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സിൻഡിക്കേറ്റംഗങ്ങളായ ഡോ. കെ. കൃഷ്ണദാസ്, ഡോ. അജി. സി. പണിക്കർ, ഡോ. ബി. പത്മനാഭപിള്ള എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്തുവാനും ഇത് സംബന്ധിച്ച റിപ്പോർട്ട് 11-ാം തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിക്കുന്നതിനു നിർദ്ദേശിക്കുകയും ചെയ്തു.

6. വിദ്യാർത്ഥികളുടെ ഫീസും മറ്റ് ഫീസിനങ്ങളും വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, ഡോ. കെ. അലക്സാണ്ടർ, പ്രൊഫ. ടോമിച്ചൻ ജോസഫ് എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്താനും ഇത് സംബന്ധിച്ച റിപ്പോർട്ട് 11-ാം തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിക്കുന്നതിനു നിർദ്ദേശിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവു പുറപ്പെടുവിക്കുന്നു.

ഒപ്പ്

ശ്രീലത എൻ

അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം) I

രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:

1. സിൻഡിക്കേറ്റ് അംഗങ്ങൾ
2. വൈസ്ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ആഫീസർ എന്നിവരുടെ പി. എമാർ
4. എ ആർ/ ഡി.ആർ/ജെ.ആർ (ഭരണവിഭാഗം/ധനകാര്യം/പരീക്ഷാവിഭാഗം/അക്കാദമികം)
5. ഫിനാൻസ് I/എഡി.സി/അക്കൗണ്ട്സ്
6. എ. ആർ, എസ്. ഒ ഫിനാൻസ് കമ്പ്യൂട്ടർ സെൽ
7. ജോയിൻറ് ഡയറക്ടർ, കേരളാ സംസ്ഥാന ആഡിറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല
8. പി. ആർ. ഒ/റെക്കോർഡ്സ് സെക്ഷൻ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ. ക്യു. എ. സി
9. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ

ഫയൽ നം. : എഡി.എ1/3/110/2017.